# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുത്തൻചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 900/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തൻചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 10) 900/22 തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 20-04-2022 | 04-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 04-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ.ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ നദീർ.വി.എ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി റോമി ബേബി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ഹസീബ് അലി.പി.എം. | സെക്രട്ടറി | 01-04-2020 | 10-04-2020 |
| ശ്രീ വിൽഫ്രഡ് ക്രോണിൻ | സെക്രട്ടറി-ഇ**ൻ-**ചാ**ർ**ജ്ജ് | 11-04-2020 | 28-04-2020 |
| ശ്രീ ഹസീബ് അലി.പി.എം. | സെക്രട്ടറി | 29-04-2020 | 04-03-2021 |
| ശ്രീ ബെന്നി വടക്കൻ | സെക്രട്ടറി-ഇ**ൻ-**ചാ**ർ**ജ്ജ് | 05-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ വിൽഫ്രഡ് ക്രോണിൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 30-04-2020 |
| ശ്രീ കണ്ണൻ.പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി(ഇൻചാർജ്) | 01-05-2020 | 15-06-2020 |
| ശ്രീ ബെന്നിവടക്കൻ | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ഡോ.ബിനി.വി.വി. | മെഡിക്കൽ ഓഫാസർ(ഹോമിയോ) | 01-04-2020 | 25-01-2021 |
| ഡോ.സിനിരമ്യ.കെ.ആർ | മെഡിക്കൽ ഓഫാസർ(ഹോമിയോ) | 26-01-2021 | 31-03-2021 |
| ശ്രീ മഹേശൻ.ടി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി സുനിത.എൻ .എസ്. | ഹെഡ് മിസ്ട്രസ് (ഇൻ ചാർജ്) | 01-06-2020 | 31-03-2021 |
| ശ്രീമതി ബീന.കെ.ജെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ബബിത.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി റോഷ്നി അരവിന്ദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ കണ്ണൻ.പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ജയ സന്ധ്യ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.രാഗി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.സിജി.ടി.ജി | വെറ്ററിനറിസർജൻ | 01-04-2020 | 15-09-2020 |
| ഡോ.സെയ്ൻ.കെ.ജി | വെറ്ററിനറിസർജൻ | 16-09-2020 | 31-03-2021 |
| ശ്രീമതി റിങ്കു.പി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-7 |
| 8 | കാഷ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sheena K T (Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-9 |
| 10 | റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ - തൻ വർഷം - സഞ്ചയയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-11 |
| 12 | വസ്തു നികുതി നോൺ റസിഡൻഷ്യൽ തൻ വർഷം - സഞ്ചയ ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-12 |
| 13 | വസ്തു നികുതി - റസിഡൻഷ്യൽ കുടിശ്ശിക - സഞ്ചയയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: K.Shaji (Joint Director, On 28-06-2022) | 1-13 |
| 14 | ലൈബ്രറി സെസ് വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തമില്ല<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: K.Shaji (Joint Director, On 28-06-2022) | 1-14 |
| 15 | ഡിമാന്റ് എൻട്രി രണ്ടു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-15 |

| | | |
|---|---|---|
| 16 | വാടകഡിമാന്റ് ജേണൽ എൻട്രികൾ മുഖേന ചെയ്യു<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-16 |
| 17 | വർഷാന്ത്യ സംക്ഷിപ്ത തുക കണക്കാക്കുന്നതിൽ കൃത്യതയില്ല<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-17 |
| 18 | വസ്തു നികുതി അഡ്വാൻസ് തുക സാങ്കൽപികമായി വർദ്ധിപ്പിച്ചു<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-18 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-19 |
| 20 | വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-20 |
| 21 | വസ്തുനികുതി മുൻകൂർ ആയി ലഭിച്ചതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു<br>Written By: Saleesh M.G (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-21 |
| 22 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: K.Shaji (Joint Director, On 28-06-2022) | 1-22 |
| 23 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-23 |
| 24 | പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറും വർക്ക്ഷീറ്റും തയ്യാറാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-24 |
| 25 | മുൻകൂർ തുകയുടെ കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-25 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-26 |
| 27 | ഡിപ്രീസിയേഷൻ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-27 |
| 28 | രസീതി പരിശോധന - അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-28 |
| 29 | തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-29 |
| 30 | റേഷൻ കടകൾ, കള്ള്ഷാപ്പുകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-30 |
| 31 | പെർമിറ്റ് - അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-31 |
| 32 | മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിക്കുന്നു<br>Written By: Dhanya Dhileep (Auditor, On 08-05-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 30-06-2022) | |
| 33 | അധികം നൽകിയ സബ്സിഡി തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടച്ചു<br>Written By: Saleesh M.G (Asst. Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 29-06-2022) | 1-33 |
| 34 | കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Saleesh M.G (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 29-06-2022) | 1-34 |
| 35 | നെൽവിത്ത് വിതരണം -അപാകതകൾ<br>Written By: Saleesh M.G (Asst. Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 29-06-2022) | 1-35 |
| 36 | വിവിധ പദ്ധതികളിൽ മൃഗങ്ങളെ - പക്ഷികളെ വാങ്ങിയത് സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-36 |
| 37 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ<br>Written By: Sivadasan A K (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-37 |
| 38 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്- പൊതു അവലോകനം<br>Written By: Sivadasan A K (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-38 |
| 39 | വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-39 |
| 40 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ് - ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-40 |
| 41 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-41 |
| 42 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- കരാറിൽ വ്യക്തതയില്ല-ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി 499760 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-42 |
| 43 | ഓർഗാനിക് ഷ്രെഡ്ഡർ മെഷീൻ -498000 രൂപയുടെ മെഷിൻ നാളിതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-43 |
| 44 | ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ്.സി.പി വിഹിതത്തിൽ നിന്നും റിക്കവറി<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-44 |
| 45 | പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-45 |
| 46 | ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്- 12,980 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-46 |

| | | |
|---|---|---|
| 47 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷൻ നടത്തുന്നതിനുമുള്ള പ്രതിഫലം- ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയ്ക്ക് പ്രതിഫലം നല്കിയത് പരിശോധിക്കണം<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-47 |
| 48 | തെരുവുവിളക്ക് സാമഗ്രികൾ - സ്റ്റോക്ക് രജിസ്റ്റർ - സാധനങ്ങൾ ലഭ്യമാകുന്നത് കരാറുകാരൻ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 15-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 15-05-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 15-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 18-3-2020 | 1 | 213054271 | 197181984 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 18-3-2021 | 1 | 196471823 | 198290228 |

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തീയതി | ലഭിക്കേണ്ട തീയതി |
|---|---|
| 28-09-2021 | 31-07-2021 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15467321 |
| വരവ് | 93279014 |
| ആകെ | 108746335 |
| ചെലവ് | 97505227 |
| നീക്കിയിരിപ്പ് | 11241108 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 11051707 | 10446979 | 604728 |
| വികസനഫണ്ട്-എസ്.സി.പി | 7882224 | 7818960 | 63264 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | 19159000 | 19159000 | 0 |
| മെയിന്റനൻസ്-റോഡിതരം | 3456681 | 3362314 | 94367 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 4470000 | 1595462 | 2874538 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ബേയ്സിക് | 9604831 | 6520108 | 3084723 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 225 | 106151111 | 104 | 73770371 | 113 | 8 | 46.20% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 406203 | 1358620 | 1764823 | 36 | 1764787 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20030862 | 20030862 | 20030862 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 11766700 | 483 |
| വിധവാ പെൻഷൻ | 19798300 | 863 |
| വാർദ്ധക്യകാല പെൻഷൻ | 36827300 | 1678 |
| വികലാംഗ പെൻഷൻ | 5958700 | 272 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1149700 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-04-2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27518/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡി&ഒ ഡിമാന്റ് രജിസ്റ്റർ

2) വാടക ഡിമാന്റ് രജിസ്റ്റർ

3) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10 റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ - തൻ വർഷം - സഞ്ചയയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക

കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1897262 | 1895230 | 8919 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1897262 | 1892576 | 8597 | 0* |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-12 വസ്തു നികുതി നോൺ റസിഡൻഷ്യൽ തൻ വർഷം - സഞ്ചയ ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1364093 | 1356682 | 8678 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1364093 | 1353182 | 7400 | 0* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 0 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-13 വസ്തു നികുതി - റസിഡൻഷ്യൽ കുടിശ്ശിക - സഞ്ചയയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 236 | 236 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 * | 236 | 0 ** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-14 ലൈബ്രറി സെസ് വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തമില്ല

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീക രിച്ചത് | ഡിമാന്റ് കറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | 96901 | 12 | 96901 | 96490 | 12 | 96502 | 527 | | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 69540 | 0 | 69540 | 68331 | 0 | 68331 | 455 | | 0 | 0 | 0 |
| | ആകെ | 166441 | | 166441 | 164833 | | 164833 | 982 | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 166453 | | | 151110 | | | | 166453 | 0 | | |
| | | 0+166453 = (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt. Cess/levies ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

## 1-15 ഡിമാന്റ് എൻട്രി രണ്ടു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു

01/04/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 143 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21-ലെ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ വീതം മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വാടകഡിമാന്റ് ജേണൽ എൻട്രികൾ മുഖേന ചെയ്തു

2020-21-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ രണ്ട് തവണയായി വാടകഡിമാന്റ് ജേണൽ എൻട്രികൾ മുഖേന ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൗച്ചർ |
|---|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (19 കെട്ടിടങ്ങൾ) | 130100101-Rent From Building | 20000093651 | 01.07.2020 15.01.2021 | 42000039 42000252 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 വർഷാന്ത്യ സംക്ഷിപ്ത തുക കണക്കാക്കുന്നതിൽ കൃത്യതയില്ല

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-18 വസ്തു നികുതി അഡ്വാൻസ് തുക സാങ്കൽപികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 7479+6959=14438/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായോ ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42000242 | 01.04.2020 | 7479 |

2) നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42000243 | 01.04.2020 | 6959 |

## 1-19 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (4226213) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1416561 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-20 വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 151110/- രൂപയും, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 164833/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ

പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 166453/- രൂപയാണ് (വൗച്ചർ 42000241/തീ.31.03.2021, 42000244/തീ.31.03.2021) (96490+12+68331+1620=166453).

## 1-21 വസ്തുനികുതി മുൻകൂർ ആയി ലഭിച്ചതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. കാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/03/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21-ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 1967 | 8597 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 954 | 7400 |

## 1-22 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല

31/03/2020-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2021-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-23 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 20766/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. {(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)}.

## 1-24 പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറും വർക്ക്ഷീറ്റും തയ്യാറാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, | 31/03/2021-ലെ |
|---|---|

| ഷെഡ്യൂൾ I-18) | ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 7243 |
| 280100102-Prior Period Income-Profession Tax -Institutions/Professionals/Traders | (47950) |
| 280100104-Prior Period Income -Property Tax OnNon- Residential Buildings | 6559 |
| 280200101-Prior Period Income-Rent From Building | 30000 |
| 280200401-Prior Period Income-Other Income | (20433) |
| 280800701-Prior Period- Miscellaneous Expenses | (2966930) |

## 1-25 മുൻകൂർ തുകയുടെ കണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2021-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി&ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 118650 |

## 1-26 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-27 ഡിപ്രീസിയേഷൻ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 4167724/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-28 രസീതി പരിശോധന - അപാകതകൾ

കൃഷി ഓഫീസർക്ക് പഞ്ചായത്തിൽ നിന്നും നൽകിയ മാനുവൽ രസീതി ബുക്ക് നമ്പർ : 44605-ലെ 1 മുതൽ 44 വരെയുള്ള രസീതികൾ ഉപയോഗിച്ച് ഗ്രോബാഗ് ഇനത്തിലുള്ള ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തപ്പോൾ കാർബൺ ഉപയോഗിക്കാതെയാണ് രസീതികളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ -23/30.4.2022) കൃഷിഭവനിൽ സ്റ്റാഫിന്റെ അഭാവം മൂലം എംപ്ലോയ്മെന്റിൽ നിന്നും ഉദ്യോഗാർഥിയെ നിയമിക്കുകയും ടിയാരിയുടെ പരിചയക്കുറവ് മൂലമാണ് രസീതി ബുക്ക് എഴുതിയപ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതിരുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. കെ.ടി.സി. വോള്യം 1 ആർട്ടിക്കിൾ 90 (എ) പ്രകാരം പണം ഒടുക്കുന്നയാൾക്ക് TR5 ഫോറത്തിലുള്ള രസീതി നല്കേണ്ടതും TR5 രസീതികൾ ഡബിൾ ഫേസ്ഡ് കാർബൺ ഉപയോഗിച്ച് എഴുതേണ്ടതും രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പാർട്ടിക്ക് നല്കേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ

ബാധ്യസ്ഥരാണ്. തൊഴിൽനികുതി രജിസ്റ്റർ, തൊഴിലുടമകൾ സമർപ്പിച്ച റിട്ടേൺ എന്നിവയുടെ പരിശോധനയിൽ തൊഴിലുടമ രേഖപ്പെടുത്തിയ തുകയ്ക്ക് ബാധകമായ സ്ലാബിലുള്ള നികുതിയേക്കാൾ കുറവായ നികുതി ഈടാക്കിയതായി കാണപ്പെടുകയും അപാകതകൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തെ (ഓഡിറ്റ് അന്വേഷണം നമ്പർ – 15/29.04.2022) തുടർന്ന് കുറവ് വന്ന നികുതി ഈടാക്കി രസീതി ഹാജരാക്കുകയും ചെയ്തു. കെ.എസ്.ഇ.ബി പുത്തൻചിറയുടെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-30 റേഷൻ കടകൾ, കള്ളുഷാപ്പുകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, ക്രമ നം. 139 എന്നിവ പ്രകാരം റേഷൻ കടകൾ, കള്ളുഷാപ്പുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകളും 3 കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ സ്ഥാപന തൊഴിൽനികുതി 2020-21 വർഷം മുതൽ ഈടാക്കിവരുന്നുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 16/29.4.2022). റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും തൊഴിൽനികുതി (സ്ഥാപനം/ജീവനക്കാർ) ഈടാക്കേണ്ടതുമാണ്.

## 1-31 പെർമിറ്റ് - അപാകതകൾ

അഷറഫ്, താനത്തുപറമ്പിൽ, മാണിയംകാവ് എന്നവർക്ക് No.A6-2378/2017, തീയതി : 2-8-2017 പ്രകാരം 492.08 ച.മീ വിസ്തീർണ്ണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട് [224.72m$^2$ (Commercial) + 267.36m$^2$ (Residential)]. കൊമേഴ്സ്യൽ ബിൽഡിങ്ങ് 2018-19-ൽ കംപ്ലീറ്റ് ചെയ്യുകയും റെസിഡെൻഷ്യൽ ബിൽഡിങ്ങ് 2020-21-ൽ കംപ്ലീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. റെസിഡെൻഷ്യൽ ബിൽഡിങ്ങ് കംപ്ലീറ്റഡ് ഏരിയ 283.37 ച.മീ ആണ്. കൂടുതൽ വന്ന 16.01ച.മീ വിസ്തീർണ്ണം റെഗുലറൈസ് ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെട്ടിടത്തിന്റെ പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ പാർക്കിങ്ങ് ഏരിയ, പി.ഡി. റാംപ്/ഹാന്റ് റെയിൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്, എന്നാൽ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നമ്പർ - 17/29.4.2022) കൂടുതൽ വന്ന 16.01ച.മീ വിസ്തീർണ്ണം റെഗുലറൈസ് ചെയ്യുകയും രസീതി നമ്പർ –1220100464/G081303, തീയതി 4/5/2022 പ്രകാരം ഫീ ഈടാക്കുകയും ചെയ്തു. കംപ്ലീഷൻ പ്ലാനിൽ പാർക്കിങ്ങ് ഏരിയ, പി.ഡി. റാംപ്/ഹാന്റ് റെയിൽ എന്നിവ കാണിക്കാതിരുന്നത് ശ്രദ്ധയിൽപ്പെടാതെ പോയതാണെന്നും കെട്ടിടം നിലനിൽക്കുന്നിടത്ത് മതിയായ പാർക്കിങ്ങ് ഉള്ളതാണെന്നും കെട്ടിടനമ്പർ പെട്ടെന്ന് കൊടുക്കേണ്ടിവന്നതിനാലാണ് അപാകത സംഭവിച്ചതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിക്കുന്നു

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് ടവർ സ്ഥാപിക്കുന്നതിന് No. A5-BA(40940)/2019, തീയതി : 22/01/2019 പ്രകാരം പെർമിറ്റ് നൽകുകയും പെർമിറ്റിന്റെ കാലാവധി 22/2/2020 തീയതിയിൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് കാലാവധി അവസാനിച്ചതിനെതുടർന്ന് അപേക്ഷകൻ പെർമിറ്റ് ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. 07/12/2021 തീയതിലെ എ5-2566/19 നമ്പർ കത്തിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ ടവർ പ്രവർത്തിക്കുന്നതായും നിർമ്മാണം ക്രമവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് കത്തയച്ചിട്ടുണ്ട്. ടവറിന്റെ കംപ്ലീഷൻ റിപ്പോർട്ട്, തുടർനടപടി വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ : 25/30.4.2022) കംപ്ലീഷൻ റിപ്പോർട്ട് ക്രമവൽക്കരണ അപേക്ഷയായി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകന് 07/12/2021, 13/01/2022, 16/04/2022 തീയതികളിൽ കത്തയച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമായത്. അനുമതിയില്ലാതെ ടവർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി UA നമ്പർ നൽകി നികുതി ഈടാക്കേണ്ടതായിരുന്നു. ടവർ അനധികൃതമായി പ്രവർത്തിച്ച കാലയളവിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം ക്രമവൽക്കരിക്കേണ്ടതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 അധികം നൽകിയ സബ്സിഡി തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടച്ചു

സമഗ്ര പുരയിടകൃഷി വികസനം എന്നപദ്ധതിയിൽ നൂർജഹാൻ മുട്ടത്തുശാലിൽ എന്ന ഗുണഭോക്താവിന് 10701/- രൂപ തുക സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

പദ്ധതി നമ്പർ –71/2021

ഫണ്ട് – വികസനഫണ്ട് (പൊതു വിഭാഗം)

വൗച്ചർ നം.22001019, തീയതി –08/01/21, തുക –60196/-

ഗുണഭോക്താവിന് 1070/- രൂപയ്ക്കാണ് അർഹതയുള്ളതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. 1070 രൂപയാണ് കൃഷി ഓഫീസർ ശുപാർശചെയ്തിട്ടുള്ളതും. 10701-1070=9631/- രൂപ അധികം നൽകി. ഇതു സംബന്ധിച്ച് നൽകിയ 01/25.04.2022 നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 1220100442/G081303/29.04.2022 രസീതിയായി 9631/- രൂപ ഗുണഭോക്താവ് പഞ്ചായത്തിൽ തിരിച്ചടച്ചു. ഈ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

കന്നുകുട്ടിപരിപാലനം എന്ന പദ്ധതിയിൽ 2020-21-ൽ തൃശ്ശൂർ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെപ്പറയും വിധം തുക അനുവദിച്ചിട്ടുണ്ട്

ബിൽനമ്പർ - 06/20-21

തിയതി - 05.02.2021

തുക - 300000

പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നമ്പർ - 21/30.04.2022 )

## 1-35 നെൽവിത്ത് വിതരണം -അപാകതകൾ

പദ്ധതി നമ്പർ – 75/2021

നെൽകൃഷിയ്ക്ക് വിത്ത് വിതരണം എന്ന പദ്ധതിയിൽ താഴെപ്പറയും വിധം ആകെ 400000/- രൂപ ചെലവുണ്ട്

ഫണ്ട് – വികസനഫണ്ട് (പൊതു വിഭാഗം)

1) വൗച്ചർ നം.22000899, തീയതി –03/09/2020, തുക –33945/-

2) വൗച്ചർ നം.22001335, തീയതി –23/03/21, തുക - 5415/-

3) വൗച്ചർ നം.22001435, തീയതി –29/03/21, തുക - 360640/-

മേൽപ്പറഞ്ഞ തുകകൾ കർഷകർക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തിയിരിക്കുകയാണ് ചെയ്തിരിയ്ക്കുന്നത്. സബ്സിഡി സംബന്ധിച്ച മാർഗരേഖ, സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ, തീയതി 14.02.2018 ഖണ്ഡിക 6.1.4 അനുസരിച്ച് വിത്തുകൾ കൃഷിഭവൻ വഴി വിതരണം ചെയ്യുകയാണ് വേണ്ടത്. ഇതു സംബന്ധിച്ച് 01/25.04.2022 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ലഭ്യമാക്കിയ രേഖകളിൽനിന്നും കൃഷി ഓഫീസർ നൽകിയ വിശദീകരണത്തിൽ നിന്നും, കർഷകരിൽ നിന്നും സ്വരൂപിച്ച തുക ഉപയോഗിച്ച് കൃഷിഭവൻ വഴി വിത്ത് വാങ്ങി നൽകുകയും പിന്നീട് സബ്സിഡി തുക കർഷകർക്ക് നൽകുകയുമാണ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാകുന്നു. എല്ലാ പാടശേഖരത്തിലും ഉൾപ്പെട്ട കർഷകർക്കും വിത്ത് ലഭിയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാണ് ഇപ്രകാരം ചെയ്തിരിയ്ക്കുന്നതെന്നാണ് കൃഷി ഓഫീസർ നൽകിയ മറുപടി. പദ്ധതി ഫണ്ട് ഉപയോഗിച്ച് മാത്രം വിത്തുകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 വിവിധ പദ്ധതികളിൽ മൃഗങ്ങളെ - പക്ഷികളെ വാങ്ങിയത് സംബന്ധിച്ച്

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ മൃഗങ്ങളെ - പക്ഷികളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന താഴെപ്പറയുന്ന പദ്ധതികൾ 2020-21 ൽ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | സബ്സിഡി തുക |
|---|---|
| 159/21, പെണ്ണാട് വളർത്തൽ (എസ്.സി.പി) (വനിത) | 229500 |
| 160/21, പെണ്ണാട് വളർത്തൽ (വനിത) | 300000 |
| 235/21, കോഴി വളർത്തൽ (എസ്.സി.പി) (വനിത) | 66000 |

സബ്സിഡി സംബന്ധിച്ച മാർഗരേഖ, സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ, തീയതി 14.02.2018 ഖണ്ഡിക 6.2 ലെ കുറിപ്പ് 3 പ്രകാരം മൃഗങ്ങളെ, പക്ഷികളെ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതികളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് അഞ്ചുപേർ അംഗങ്ങളായുമുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ –പക്ഷികളെ വാങ്ങേണ്ടത്. എന്നാൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 2020-21-ൽ നടപ്പിലാക്കിയ മേൽപ്രകാരമുള്ള പദ്ധതികളിൽ ഗുണഭോക്താക്കൾ നേരിട്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്കനുസരിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 21/30.04.2022)

## 1-37 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

2019-20, 2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ബോർഡ് പ്രൊക്യൂവർമെന്റ് ടെൻഡർ – ഒരേ ടെൻഡറർ തന്നെ മാറ്റമില്ലാതെ തുടരുന്നു.

എ4-3868/13 തീയതി 07/08/2018 പ്രകാരം മൂന്ന് സ്പെസിഫിക്കേഷനിൽ പദ്ധതി സൈറ്റിൽ പ്രദർശിപ്പിക്കുന്ന ബോർഡിനായി ടെൻഡർ വിളിച്ചിട്ടുണ്ട്. കുറഞ്ഞ ടെൻഡർ സമർപ്പിച്ചത് സാഗർ വർഗ്ഗീസ് എന്നയാളാണ്. ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായോ, കരാറുകാരനുമായി ചേർന്ന് എഗ്രിമെന്റ് വെച്ചതായോ രേഖയില്ല. മാത്രമല്ല മേൽ തിയ്യതി മുതൽ നാളിതുവരെ തുടർച്ചയായി ശ്രീ.സാഗർ വർഗ്ഗീസ് തന്നെയാണ് ബോർഡ് സപ്ലൈ ചെയ്തു വരുന്നത്. ഒരു നിശ്ചിത കാലയളവിലേക്ക് ടെൻഡർ നൽകുകയോ, പിന്നീട് ആ കാലപരിധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ ടെൻഡർ വിളിക്കുകയോ ചെയ്തിട്ടില്ല. ആനുവൽ മാസ്റ്റർ സർക്കുലർ 2019-20 ഖണ്ഡിക 7.1.7 പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ പ്രൊക്യൂവർമെന്റ് അതത് സംസ്ഥാനങ്ങളിൽ നിലവിലുള്ള പ്രൊക്യൂവർമെന്റ് വ്യവസ്ഥകൾ പ്രകാരമാണ് നടത്തേണ്ടത്. ആയതിനാൽ 2010-ലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന മാർഗ്ഗരേഖ പ്രകാരം പ്രൊക്യൂവർമെന്റ് നടത്തേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ വീണ്ടും ലേലം നടത്തുന്നതിനെക്കുറിച്ച് ചേർത്തിട്ടില്ല. ആയതിനാൽ മറുപടി തൃപ്തികരമല്ല.

2. പരിശോധനാ വിധേയമാക്കിയ ഫയലുകളിൽ പലതിലും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ കൃത്യമായ സ്റ്റേറ്റുമെന്റുകൾ ലഭ്യമല്ല.

3. പല പ്രവൃത്തികളിലും വലിയ ബോർഡ് സ്ഥാപിച്ചതിലൂടെ വലിയ തുക ചെലവു ചെയ്തിരിക്കുന്നു.

ഉദാ.331/mgnregs/2020-21

മാണിയം കാവ് പ്രദേശത്തെ കോഴിക്കൂട് നിർമ്മാണം - മണി രാമൻ

ഈ പ്രവൃത്തിയുടെ ആകെ ചെലവ് 16226 രൂപയാണ്. സ്ഥാപിച്ച 0.6x0.9 മീറ്റർ സൈസ് ബോർഡിന്റെ വില 2600/- രൂപയാണ്. അതായത് പദ്ധതിച്ചെലവിന്റെ 16% ബോർഡിനായാണ് ചെലവിട്ടത്.
മേൽകാണിച്ച അപാകതകളിൽ ക്രമ നം. 2, 3 എന്നിവയ്ക്ക് 04/05/2022-ൽ പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. സ്റ്റേറ്റ്മെന്റുകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. മറ്റു രണ്ടു അപാകതകളിലും നിലവിൽ അത്തരം അവസ്ഥ തുടരുന്നില്ല എന്ന് കാണിച്ചിട്ടുണ്ട്. അപാകതകൾ തുടരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-38 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്- പൊതു അവലോകനം

പൊതുമരാമത്ത് പ്രവൃത്തികളുടെ 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സെലക്ഷൻ നോട്ടീസിൽ തിയ്യതി ചേർക്കാതിരിക്കുന്നു. സെലക്ഷൻ നോട്ടീസ് തിയ്യതി എഗ്രിമെന്റ് ഒപ്പു വെയ്ക്കുന്നതിന്റെ സാധുത അനിവാര്യമെന്നിരിക്കെ തീയതി ചേർക്കാത്ത നടപടി നിയമപരമല്ല.

2. നിയമാനുസൃത സമയത്തിനു ശേഷം പിഴ ഈടാക്കാതെ കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നു. പരിശോധനാ വിധേയമാക്കിയ ഫയലുകളിൽ കണ്ട അപാകതകൾ പ്രത്യേക ഖണ്ഡികയാക്കി ഓഡിറ്റ് വർഷത്തെ റിപ്പോർട്ടുകളിൽ ചേർത്തിരിക്കുന്നു.

3. എഗ്രിമെന്റ് കാലാവധിക്കപ്പുറത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാൻ നീളുന്നു. പരിശോധനാ വിധേയമാക്കിയ ഫയലുകളിൽ കണ്ട അപാകതകൾ പ്രത്യേക ഖണ്ഡികയാക്കി അതത് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

4. ടെൻഡർ ഫോറത്തിൽ വൈറ്റ്നർ ഉപയോഗിച്ച് മായ്ക്കുന്നു. ഈ പ്രവണത നിയമവിരുദ്ധവും അടിയന്തിരമായി അവസാനിപ്പിക്കേണ്ടതുമാണ്.

5. എം.ബുക്കിൽ എല്ലാ പേജിലും മെഷർമെന്റ് തിയ്യതികൾ ചേർക്കാതിരിക്കുന്നു.

6. മാനുവൽ ടെൻഡറിൽ പലതിലും ടെൻഡർ സമർപ്പിച്ച ആളുടെ പേരോ, വിലാസമോ പോലും കാണുന്നില്ല.

7. മാനുവൽ ടെൻഡറിൽ കറക്ഷൻ വരുന്ന സാഹചര്യത്തിൽ ആയത് കൃത്യമായി രേഖപ്പെടുത്തേണ്ട ഇടങ്ങളിൽ പല ഫയലിലും ചേർത്തിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-39 വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ ഖണ്ഡിക 6, 7 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തി പൂർത്തിയാക്കാൻ സാധിച്ചില്ല എങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്ന് സമയം പിഴയില്ലാതെ അനുവദിക്കുന്നതും വീണ്ടും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അടുത്ത മൂന്നുമാസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും വീണ്ടും പൂർത്തീകരിക്കാത്ത പക്ഷം കരാർ തുയുടെ 2% പിഴ ചുമത്തിക്കൊണ്ടും മാത്രമേ ഫൈനൽ ബിൽ നൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ സമയപരിധി ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. ഈ പ്രവൃത്തികളിൽ പലതിലും നിയമാനുസൃത സമയപരിധി കഴിഞ്ഞതിനു ശേഷമേ എം.ബുക്കു പ്രകാരം പ്രവൃത്തികൾ ആരംഭിച്ചതായി കാണുന്നുള്ളൂ. ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിവിഷനും നിയമാനുസൃത സമയ പരിധി കഴിഞ്ഞതിനു ശേഷം മാത്രമാണ് നടത്തിയിട്ടുള്ളത്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ പഞ്ചായത്ത് സമിതി തീരുമാനം എടുക്കുകയോ, നിയമാനുസൃത സമയ ദീർഘീകരണം നൽകുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈ നടപടി ഓഡിറ്റിൽ വിലയിരുത്തുന്നു. എം.ബുക്കിൽ ഏറ്റവും അവസാനം മെഷർമെന്റ് എടുത്ത തിയ്യതി പ്രവൃത്തി അവസാനിച്ച തിയ്യതി ആയി കണക്കാക്കി കരാറുകാർ അടക്കേണ്ട പിഴ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ.11/28-04-22).

| പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | എഗ്രിമെന്റ് | ടി.എസ് നമ്പർ, തിയ്യതി, കാലയളവ് | കരാർ കാലാവധിക്കു ശേഷം മാത്രം എം.ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചതായി ചേർത്ത തിയ്യതി | എം. ബുക്ക് നമ്പർ, തിയ്യതി | എഗ്രീഡ് പി.എ.സി | കരാറുകാരന്റെ പേര് | ഫൈനൽ ബിൽ വിവരങ്ങൾ | നിയമാനുസൃത കാലാവധി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|---|---|---|
| 70/20 | ശവക്കോട്ട കപ്പൻ ബസാർ റോഡ് പ്രൊട്ടക്ഷൻ | 50/AE/LSGD /PCA/19-20 Dt.23/12/19 | 77350/19-20 16/10/2019 6 Months | | MB 34/20-21 01/02/21 | 534359 | ശ്രീക്കുട്ടൻ | 22001199 08/02/20 | 23/05/19 | 16030 |

## 1-40 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ് - ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി

പദ്ധതി നം. 22/20-21

പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

22-09-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ല, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി.എസ്.ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയായ 818888.09 ന്റെ 4% ആയ 32756/- രൂപാ നൽകുന്നതിന് പകരം, എസ്റ്റിമേറ്റ്+12% ജി.എസ്.ടി തുകയായ, 917154.66-ന്റെ 4% ആയ 36686/- രൂപയാണ് നൽകിയിരിക്കുന്നത്. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷനുമായി ശ്രീ.യു.ആർ.ഗോപിനാഥിന് അധികം നൽകിയിരിക്കുന്ന 36686-32756=3930/- രൂപാ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/തീ.29.04.22).

## 1-41 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണം - സെക്രട്ടറി

താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | തീയതി | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 46/21 - ക്യാൻ വിഹിതം നൽകൽ | 06/11/20 | 22000924 | 50,000 | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ |
| 26/21 - SSA ജനറൽ | 09/06/20 | 22000836 | 4,00,000 | SSA |
| 27/21 – SSA എസ്.സി.പി | 09/06/20 | 22000837 | 1,25,000 | SSA |

തുക വിനിയോഗിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിന് അതാത് സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി26/തീ.4.5.22-ന് നല്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- കരാറിൽ വ്യക്തതയില്ല-ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി 499760 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ട് | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 31/21-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 22000555 | 03/11/20 | 97765 |
| | 22000927 | 09/11/20 | 299745 |
| | 22001383 | 02/03/21 | 100255 |
| | 22001395 | 31/03/21 | 1995 |
| | ആകെ | | 499760 |

I) മേൽ പ്രോജക്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ പരിശോധിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ.യു.ഡി.ഫ്രാൻസിസിന് കരാർ നൽകുകകയും ചെയ്തിട്ടുണ്ട്. റ്റ്യൂബ് - 290, എൽ.ഇ.ഡി - 165 എന്നീ നിരക്കിലാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ടെണ്ടർ രേഖകളിലോ, കരാറിലോ ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് വിവരണമില്ല. കരാറുകാർക്ക് ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് അറിയാമെന്ന മുൻധാരണയിലാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രവൃത്തി ടെണ്ടർ രേഖകളിലോ കരാറിലോ നിർവ്വചിക്കുകയോ

സാധനസാമഗ്രികൾ കരാറുകാരൻ സപ്ളെ ചെയ്യുമോ അതോ സ്ഥാപനം നൽകുമോയെന്ന് വ്യക്തത ടെണ്ടറുമായി ബന്ധപ്പെട്ട ഒരു രേഖയിലും പരാമർശിക്കുകയോ ചെയ്തിട്ടില്ല. കരാറിലേർപ്പെട്ട ശേഷം സാധനങ്ങൾ പഞ്ചായത്ത് വാങ്ങി നൽകുകകയും കരാറുകാരൻ റിപ്പയർ ചെയ്യുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ രേഖകളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ/വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ അഥവാ സേവനങ്ങളുടെ വ്യക്തമായ വിവരണം ആവശ്യമാണ്. മത്സരാധിഷ്ഠിത നിരക്കിൽ സുതാര്യമായ രീതിയിൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും, ടെണ്ടറിനു ശേഷം തർക്കങ്ങൾ ഒഴിവാക്കുന്നതിനും ഇത് ആവശ്യമാണ്. ഭാവിയിൽ ഇപ്രകാരം ശ്രദ്ധിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/തീ 4.5.22-ന് നിർവ്വഹണോദ്യഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ii) സർക്കുലർ നമ്പർ 18/19 ധനം, തീയതി 1.3.19 ഖണ്ഡിക 4 പ്രകാരം ജി.എസ്.ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നൽകി കഴിഞ്ഞാൽ ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി.എസ്.ടി ഇൻവോയ്സ് നൽകേണ്ടതുണ്ട്. ഈ ഇൻവോയ്സ് ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ജി.എസ്.ടി ഇൻവോയ്സുകൾ ഹാജരാക്കുന്നതിന് കരാറുകാരന് കത്ത് നൽകിയതായി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി26/തീ.4.5.22-ന് നിർവ്വഹണോദ്യഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഇൻവോയ്സുകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 499760/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 ഓർഗാനിക് ഷ്രെഡ്ഡർ മെഷീൻ -498000 രൂപയുടെ മെഷിൻ നാളിതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ട് | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 281/21 – മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് ഓർഗാനിക് വേസ്റ്റ് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ | 22001392 | 02/03/21 | 249000 |
| | 22001418 | 27/03/21 | 249000 |
| ആകെ | | | 498000 |

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് ഓർഗാനിക് ഷ്രെഡ്ഡർ മെഷീൻ IRTC എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. IRTC-യുമായുള്ള 02/02/21-ലെ കരാർ പ്രകാരം മെഷീൻ വാങ്ങി 1 വർഷത്തെ തകരാറുകൾ IRTC പരിഹരിച്ച് നല്കുന്നതാണ്. എന്നാൽ നാളിതുവരെ മെഷീൻ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. 1 വർഷത്തെ കാലയളവ് അവസാനിച്ചു. കോവിഡ് മൂലം ഹാളും മാലിന്യങ്ങളും ലഭ്യമാകുന്ന ഇടങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ മെഷിൻ ഉപയോഗിക്കാൻ സാധിച്ചില്ല എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/തീ. 4.5.22-ന് നൽകിയ മറുപടിയിൽ നിർവ്വഹണോദ്യഗസ്ഥൻ അറിയിച്ചിട്ടുള്ളത്. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ച് നാളിതുവരെയായിട്ടും, ഓഡിറ്റ് നടന്ന മെയ് 2022 മാസത്തിലും മെഷീൻ പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ല. ഷ്രെഡ്ഡിംഗ് യൂണീറ്റ് ഫലപ്രദമായി ഉപയോഗിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-44 ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ്.സി.പി വിഹിതത്തിൽ നിന്നും റിക്കവറി

നിർവ്വഹണം - സെക്രട്ടറി (ജി.ഒ പ്രോജക്ട്)

| പ്രോജക്ട് | ചെലവ് വിവരങ്ങൾ | തുക |
|---|---|---|
| 305/21 -ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്ട്, വികസനഫണ്ട് എസ്.സി.പിയിൽ നിന്ന് കുറവ് ചെയ്തത്. (ജേണൽ വൗച്ചർ നം.42000176, തീ. 31/03/21) | 43,960 |
| 303/21-ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | | 43,961 |

ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും മുൻവർഷങ്ങളിൽ വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല. എസ്.സി.പി ലൈഫ് പ്രോജക്ടിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ്.സി.പി ഇനത്തിൽ നിന്ന് വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് 20/21- പദ്ധതി രൂപീകരണം, മോണിറ്ററിംഗ്, നിർവ്വഹണം ചെലവുകൾ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നൽകിയിരിക്കുന്ന പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് (ആർ.ടി1/2011 ഐ.പി.ആർ.ഡി തീ. 4/1/2011)പ്രകാരം നിർബന്ധമാക്കിയിരിക്കുന്ന 15% ഡിസ്കൗണ്ട് നല്കിയതായി കാണുന്നില്ല.

| പത്രം | സ്ഥാപനത്തിന്റെ ബിൽ നമ്പർ | തീയതി | ഇൻവോയ്സ് ബിൽ തുക | വൗച്ചർ നമ്പർ | തീയതി | വൗച്ചർ തുക |
|---|---|---|---|---|---|---|
| മാതൃഭൂമി | 321000025451 | 4/8/20 | 8820 | 22001261 | 26/3/21 | 8,820 |
| മാതൃഭൂമി | 321000081501 | 19/1/21 | 8820 | 22001141 | 4/3/21 | 11,070 |
| ദേശാഭിമാനി | TCR/20-21/2813 | 16/2/21 | 6300 | 22001133 | 3/3/21 | 6,300 |
| ദേശാഭിമാനി | TCR/20-21/2376 | 15/1/21 | 6300 | 22001200 | 9/2/21 | 17,645 |
| മാതൃഭൂമി | 321000055546 | 6/11/20 | 8820 | 22001023 | 11/1/21 | 15,986 |
| മാതൃഭൂമി | 321000050112 | 22/10/20 | 7166 | | | |
| മാതൃഭൂമി | 321000014967 | 26/6/20 | 5733 | 22000480 | 6/10/20 | 5,733 |
| മാതൃഭൂമി | 321000038895 | 18/9/20 | 8600 | 22000912 | 21/10/20 | 28,232 |
| മാതൃഭൂമി | 321000031396 | 26/8/20 | 7166 | | | |
| മാതൃഭൂമി | 321000035460 | 6/9/20 | 7166 | | | |
| മാതൃഭൂമി | 321000022255 | 22/7/20 | 11760 | 22000877 | 27/8/20 | 26,190 |
| മാതൃഭൂമി | 321000004263 | 9/5/20 | 9408 | 22000838 | 9/6/20 | 49,234 |
| മാതൃഭൂമി | 321000037706 | 17/3/20 | 6880 | | | |
| മാതൃഭൂമി | 321000125834 | 15/2/20 | 7056 | | | |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26 തീ. 4.5.22-ന് നല്കിയ മറുപടി പ്രകാരം പരസ്യങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് പത്രസ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്- 12,980 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ | തീയതി |
|---|---|---|---|
| 291/21 - ഐഎസ്ഒ സർട്ടിഫിക്കേഷനും അനുബന്ധ സേവനങ്ങളും | 12980 | 22000573 | 6/11/20 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ക്വാളിറ്റീസ് സർട്ടിഫിക്കേഷൻ എന്ന സ്ഥാപനത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷന് ആ സ്ഥാപനം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 12,980/- രൂപ (11,000+ ജിഎസ് ടി 18%) നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ജി.എസ്.ടി ഇൻവോയ്സ് നൽകാതെയാണ് തുക കൈപ്പറ്റിയിരിക്കുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/തീ. 4.5.22-ന് നൽകിയ മറുപടി പ്രകാരം ഇൻവോയ്സ് ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇൻവോയ്സ് ലഭ്യമാകുന്നതുവരെ 12,980/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷൻ നടത്തുന്നതിനുമുള്ള പ്രതിഫലം- ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയ്ക്ക് പ്രതിഫലം നല്കിയത് പരിശോധിക്കണം

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ | തീയതി |
|---|---|---|---|
| 45/21-മാലിന്യസംസ്കരണ പ്ലാന്റ് വൈദ്യുതീകരണം | 50,000 | 22001393 | 05/03/21 |

മേൽ പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും സൂപ്പർവിഷൻ നടത്തിയിരിക്കുന്നതും വിരമിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പാനലാണ്. സർക്കാർ ഉത്തരവ് (ആർ.ടി 2878/15 ത.സ്വ.ഭ.വ തീയതി 22/9/2015) പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പാനലിന് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലം നൽകാമെന്ന് വ്യവസ്ഥയുണ്ട്. ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ സർക്കുലർ നമ്പർ 18/19 ധനം തീയതി 01.03.19 ഖണ്ഡിക 6 പ്രകാരം GST ഉൾപ്പെടാത്ത തുകയാണ് എസ്റ്റിമേറ്റ് ആയി കണക്കാക്കേണ്ടത്. ഖണ്ഡിക 8 പ്രകാരം എസ്റ്റിമേറ്റും ജി.എസ്.ടി തുകയും രണ്ടായി കണക്കാക്കി ഭരണാനുമതി നേടണമെന്നും നിർദ്ദേശമുണ്ട്. ഖണ്ഡിക 1, 2, 5, 7, 9 എന്നിവയിലെ നിർദ്ദേശങ്ങളിൽ നിന്നും എസ്റ്റിമേറ്റ് തുകയെന്നാൽ ജി.എസ്.ടി തുക ഉൾപ്പെടാതെയുള്ള തുകയാണെന്നും ബിൽ നൽകുന്ന സമയത്ത് നിലവിലുള്ള ജി.എസ്.ടി നിരക്കനുസരിച്ച് കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെ തുക നൽകാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് ആയി കണക്കാക്കുന്നത് ജി.എസ്.ടി ഉൾപ്പെടാത്ത തുകയാണ്. ആയതിനാൽ ജി.എസ്.ടി ഉൾപ്പെടാത്ത തുകയുടെ 4% തുക മാത്രമേ പ്രതിഫലം നൽകാനാകൂ. മേൽ പ്രൊജക്റ്റ് പ്രകാരം പ്രതിഫലം നൽകാവുന്ന തുക താഴെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 81044.95 |
| ജി എസ് ടി 12% | 9725.39 |
| ആകെ | 90770.34 |
| ആകെ തുകയുടെ 4% പ്രതിഫലം നല്കിയത് | 3631 |
| എസ്റ്റിമേറ്റ് തുകയുടെ 4% നൽകാവുന്നത് | 3241.79 |
| കൂടുതൽ നൽകിയത് | 389 |

എസ്റ്റിമേറ്റ് തുകയ്ക്കനുസരിച്ച് ഇപ്രകാരം കൂടുതൽ തുക നൽകുന്നത് ആനുപാതികമായി വർദ്ധിക്കുമെന്നതിനാൽ മേൽ പരാമർശം പരിശോധിച്ച് ഭാവിയിൽ നഷ്ടം ഇല്ലാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-48 തെരുവുവിളക്ക് സാമഗ്രികൾ - സ്റ്റോക്ക് രജിസ്റ്റർ - സാധനങ്ങൾ ലഭ്യമാകുന്നത് കരാറുകാരൻ സാക്ഷ്യപ്പെടുത്തുന്നില്ല.

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ | തീയതി |
|---|---|---|---|
| 40/21 - തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ | 106937 | 22000926 | 9/11/20 |
| | 44940 | 22000928 | 9/11/20 |
| | 27264 | 22001386 | 18/3/21 |
| | 142308 | 22001389 | 23/3/21 |
| ആകെ | 321449 | | |

2020-21 വർഷം തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് 321449/- രൂപ ചെലവഴിച്ചിട്ടുണ്ട്. സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും റിപ്പയർ ചെയ്യുന്ന കരാറുകാരന് കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഇവ കൈപ്പറ്റിയതിന് രസീത് നല്കുകയോ സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/തീ.4.5.22-ന് നല്കിയ മറുപടി പ്രകാരം ഈ ന്യൂനതകൾ ഭാവിയിൽ പരിഹരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം മേൽ സാധനങ്ങൾ കൈപ്പറ്റിയതിന് കരാറുകാരനിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 സ്റ്റേറ്റ്മെന്റിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 313027/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 848829/- രൂപയും ഉണ്ട്. എന്നാൽ ഇതിന്റെ വിശദമായ കണക്ക് പരിശോധനയ്ക്ക് ലഭ്യമായില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകയിൽ ബാലൻസ് ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

23934/- രൂപ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുള്ളതിന്റെ വിശദാംശം ലഭ്യമായില്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 4549200 | | ലഭ്യമല്ല | | 29961143 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹ്യതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|---|
| 1 | 2000-01, 2001-02 | 9 | 2004-05 | 3.8.1.2 | മരാമത്ത് പണികൾക്ക് മുൻകൂർ തുകകൾ നൽകിയത്-പണി പൂർത്തിയാക്കിയില്ല. മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ് | 20-8-21 തിയതിയിലെ തെളിവെടുപ്പ് യോഗത്തിലേക്ക് നടപടി വിശദീകരണ പത്രിക നൽകിയിരുന്നു. ആയതിന്റെ മറുപടി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലഭ്യമായിട്ടില്ല. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93279014 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97505227 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 512740 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-42 | 499760 | ശ്രീ.ഹസീബ്അലി.പി.എം, സെക്രട്ടറി |
| 1-46 | 12980 | ശ്രീ.ഹസീബ്അലി.പി.എം, സെക്രട്ടറി |
| | 512740 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹസീബ്അലി.പി.എം, സെക്രട്ടറി | സെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത് | പാറയിൽ വീട്, മാള പള്ളിപ്പുറം-680732 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ടി.(പി.1)-366/12 തിയതി.01.03.12/ 02.05.12 |
| 75-76 | |
| 76-77 | |
| 78-79 | |
| 79-80 | |
| 80-81 | |

| | |
|---|---|
| 81-82 മുതൽ 91-92 വരെ | |
| 92-93, 93-94 | |
| 94-95, 95-96 | എൽ.എഫ്.ടി.(പി.1)366/12, തീയതി. 01.03.12 |
| 96-97 | |
| 97-98 | |
| 98-99 ചെലവ് | |
| 99-2000 ചെലവ് | |
| 2000-01, 01-02 (പ്ളാൻ) | |
| 2001-02 | |
| 2002-03 | എൽ.എഫ്.ടി.(പി.1)366/12, തീയതി. 01.03.12 |
| 98-99 വരവ് | |
| 99-2000 വരവ് | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 07-08 | എൽ.എഫ്.ടി(പി.12)-1813/10, തീ.14-10-10 |
| 08-09 | എൽ.എഫ്.ടി(പി.12)-1814/10, തീ.14-10-10 |
| 09-10 | എൽഎഫ്.ടി(പി12)-1815/10, തീയതി.4.10.11/3.11.11 |
| 10-11 | എൽഎഫ്.ടി(പി1)-1953/12, തീയതി.8.1.13/8.3.13 |
| 11-12 | എൽഎഫ്.ടി(പി1)-2579/13, തീയതി.9.1.14 |
| 12-13 | എൽഎഫ്.ടി(പി1)-1768/14, തീയതി.4.4.15/12.6.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. പി-1-1684/15, തീ.28-12-15/9-2-16 |
| 14-15 | കെ എസ് എ ടി എസ് ആർ പി1-1034/16/30.6.16/28.7.16 |
| 15-16 | കെ എസ് എ ടി എസ് ആർ പി1-1985/16, തീ.14.11.20162 |
| 2016-17 | കെ.എസ്.എ-ടി.എസ്.ആർ.(പി1)1424/2017 തീയതി: 18.09.2017 |
| 2017-18 | കെ.എസ്.എ-ടി.എസ്.ആർ.(പി1)-1644/2018, തീയതി: 10/01/19 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)-1448/2019, തീയതി:13/12/19 |
| 2019-20 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.10)-899/22, തീ.30.06.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്